ॐ



**നിവൃത്തം കർമ്മ സേവേത പ്രവൃത്തം മത്പരസ്ത്യജേത്**
**ജിജ്ഞാസായാം സംപ്രവൃത്തോ നാദ്രിയേത് കർമ്മചോദനാം (11-10-4)**
**ആചാര്യോƒരണിരാദ്യ: സ്യാദന്തേവാസ്യുത്തരാരണി:**
**തത്സന്ധാനം പ്രവചനം വിദ്യാസന്ധി: സുഖാവഹ: (11-10-12)**
**കാല ആത്മാƒƒഗമോ ലോക: സ്വഭാവോ ധർമ്മ ഏവച**
**ഇതി മാം ബഹുധാ പ്രാഹുർഗുണവ്യതികരേ സതി (11-10-34)**

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
എല്ലാവരും അവനവൻെറ ധർമ്മങ്ങൾ ശാസ്ത്രവിധിപ്രകാരവും കുടുംബപാരമ്പര്യമനുസരിച്ചും സ്വാർത്ഥമോഹങ്ങളേതും കൂടാതെയും നിർവ്വഹിക്കേണ്ടതാണ്. ഇത് മനസ്സിനെ ശുദ്ധീകരിക്കുന്നു. സംശുദ്ധമായ മനസ്സിന് ജീവിതത്തെ സമ്യക്ഭാവത്തോടെ നേരിടാനാവും. ഈ ലോകത്ത് വിജ്ഞാനിയായവൻ കഷ്ടപ്പെടുകയും വിഡ്ഢികൾക്ക് സമ്പൽസമൃദ്ധി കൈവരുകയും ചെയ്യുന്നതായി കാണുന്നു. സന്തോഷവും ദു:ഖവും എല്ലാവർക്കും ഉള്ളതാണ്. ഒരുവൻ ആരോഗ്യവാനും സന്തുഷ്ടനുമായി കാണപ്പെടുന്നുവെങ്കിലും മരണത്തെ ഒഴിവാക്കുവാൻ അവനു കഴിയുകയില്ല. അപ്പോൾപ്പിന്നെ സുഖമെന്നാലെന്താണ്? എല്ലായ്പ്പോഴും മരണമെന്ന പേടി കൂടെയുള്ളപ്പോൾ എല്ലാ സുഖങ്ങളും മാഞ്ഞുപോകുന്നു. അപ്പോൾ സുഖം പോലും നമ്മുടെ ശ്രദ്ധയർഹിക്കുന്നില്ല. അതുപോലെ തന്നെ സ്വർഗ്ഗവും മായികമത്രെ. ശാസ്ത്രവിധിപ്രകാരമുള്ള യാഗകർമ്മാദികൾ നടത്തി ഒരുവൻ ദേവതകളെ പ്രീതിപ്പെടുത്തി സ്വർഗ്ഗം നേടുന്നു. അവിടെ വിമാനങ്ങളിൽ സഞ്ചരിക്കുന്ന സുന്ദരികളാൽ സേവിക്കപ്പെട്ട് സുഖിക്കുന്നു. സ്വയം ആരോഗ്യവാനും സുന്ദരനും ആയിത്തീരുന്നു. എന്നാൽ ഈ ഒഴിവുകാലവും ഉടനേ അവസാനിക്കുന്നതാണ്. ആർജ്ജിതപുണ്യം മുഴുവൻ ചിലവഴിച്ചു കഴിയുമ്പോൾ ജീവൻ നശ്വരജീവിതത്തിലേക്ക് തിരിച്ചുവരുന്നു. ഒരുവൻ ക്രൂരവും നിന്ദ്യവും ആയ പ്രവൃത്തികൾ ചെയ്ത് നരകം പൂകുന്നു. അവിടെ കൃമികീടങ്ങളുടെ ശരീരത്തിൽ പ്രവേശിക്കുന്നു. ജീവന് ഒരു ശരീരവസ്ത്രം ഉള്ളിടത്തോളവും നാനാത്വമെന്ന മായികബോധമുള്ള കാലത്തോളവും ഈ പോക്കുവരവു തുടർന്നു പോകും.

ഇതെല്ലാം കണ്ട് ജ്ഞാനിയായവൻ എൻെറ നേർക്കു തിരിയുന്നു. എൻെറ ഭക്തൻ നിവൃത്തികർമ്മങ്ങളിലേർപ്പെടേണ്ടതാണ്. അത്തരം കർമ്മങ്ങൾ അയാളെ ലൗകീകതയിൽ നിന്നും അകറ്റിക്കൊണ്ടു പോകുന്നു. അയാൾ പ്രവൃത്തികർമ്മങ്ങൾ (ലൗകീകമായവ) ഉപേക്ഷിക്കുന്നു. അയാൾ എന്നെക്കുറിച്ചുള്ള അന്വേഷണത്തിൻെറ ആഴത്തിൽ കർമ്മസംബന്ധിയായ എല്ലാ നിർദ്ദേശങ്ങളും അവഗണിക്കണം. അയാൾ ചിലപ്പോഴൊക്കെ വ്രതം നോക്കുകയും ആചരിക്കുകയും ഗുരുസേവ ചെയ്യുകയും വേണം. ഗുരുവെന്നാൽ ഞാൻ തന്നെ. അരണികടഞ്ഞു തീയുണ്ടാക്കുന്നതുമായി ഈ ബന്ധത്തെ താരതമ്യപ്പെടുത്താം. ഗുരു താഴത്തേതും ശിഷ്യൻ മുകളിലത്തെ അരണിയുമത്രെ. മുകളിലത്തെ അരണിയാണ് കൂടുതൽ ചടുലമായിട്ടുള്ളത്. ശിഷ്യൻെറ അന്വേഷണത്വരക്ക് ഗുരുവിൽനിന്നു കിട്ടുന്ന പ്രതികരണം അരണികടഞ്ഞു കിട്ടുന്ന അഗ്നിയെപ്പോലെ അറിവിനെയുണർത്തുന്നു. അങ്ങിനെ പൂർണ്ണമായും ഉണർന്ന ശിഷ്യൻ സംശുദ്ധമായ ഈ അറിവ് ഗുരുവിൽ നിന്നും സ്വീകരിച്ച് നാനാത്വങ്ങൾ കാണപ്പെടുന്നത് സത്യമല്ലെന്നും സത്യമായത് ഒന്നുമാത്രമെന്നും അതാണ് സത്യമെന്നും സ്വയം സാക്ഷാത്ക്കരിക്കുന്നു. വൈവിദ്ധ്യങ്ങൾ ഭയഹേതുവും എല്ലാം ഒന്നെന്ന അറിവ് ഭയനാശകവും. അങ്ങിനെ അയാൾ ഞാൻ മാത്രമാണ് സമയമായും ആത്മാവായും വേദങ്ങളായും ലോകമായും പ്രകൃതിയായും ധർമ്മമായും പ്രകടിതമാവുന്നത് എന്നു മനസ്സിലാക്കുന്നു. പ്രകൃതിയുടെ ഗുണസംതുലിതാവസ്ഥക്ക് ഭഞ്ജനമുണ്ടാവുമ്പോഴാണ് വൈവിദ്ധ്യബോധമുണ്ടാകുന്നത്.